# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1850 05.10.2016-ൽ മറുപടിക്ക്

## ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ ബി.ഡി. ദേവസ്സി** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വിവിധ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) | 2012-13 വർഷം ആരംഭിച്ച ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം എന്ന പദ്ധതി പ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഓരോ ജില്ലയിലും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് 1 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ഭൂമിയും നൽകിവരുന്നു. |
| ബി) | ചാലക്കുടി മണ്ഡലത്തിലെ വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, ആനക്കയം, മുക്കംപുഴ, പിള്ളപ്പാറ ആദിവാസി കോളനികളിലെ താമസക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | ബി) | ഭൂപ്രശ്നം ഏറ്റവും രൂക്ഷമായ വാച്ചുമരം സങ്കേതത്തിലെ കുടുംബങ്ങൾക്ക് ആനമുക്ക് എന്ന സ്ഥലത്ത് 19 ഹെക്ടർ (ഏകദേശം 50 ഏക്കർ) വനംഭൂമി ലഭ്യമാക്കുന്നതിന് വനം വകുപ്പിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നേരിട്ടും ഓൺലൈൻ മുഖാന്തിരവും നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രൊപ്പോസൽ തൃശ്ശൂർ വനം വകുപ്പ് സി.സി.എഫിൻറെ പരിഗണനയിലാണ്. മറ്റു കോളനികളിലെ പട്ടികവർഗ്ഗക്കാർക്ക് ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി പ്രകാരം ഭൂമി അളന്ന് അനുവദിക്കുന്നതിനായി ഇതുവരെ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ